⇨ ഇന്ന് നമ്മൾ അനുഭവിക്കുന്ന അടിയന്താരാവസ്ഥ ആ രൂപത്തിലുള്ള ഒന്നല്ല ⇨

# വെറുപ്പിനെ വേവിച്ചെടുത്ത മൂന്ന് ആസൂത്രിത പദ്ധതികൾ

മഹാമാരിയേക്കാൾ ഭീതിജനകമായ സാഹചര്യം മുസ്ലീങ്ങളെ സംബന്ധിച്ച് ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. ബി.ജെ.പി കേന്ദ്ര ഭരണത്തിലിരിക്കുന്ന കഴിഞ്ഞ ആറ് വർഷമായി ആ ഭയം വല്ലാതെ വ്യാപകമായിരിക്കുന്നു. ബാബറി മസ്ജിദ് തകർക്കപ്പെട്ട സമയത്തും അതിനുമുന്നോടിയായി നടന്ന രാമജന്മഭൂമി പ്രസ്ഥാനത്തിന്റെ കാലത്തും സമാനമായ ഒരു ഭീതി ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കുള്ളിൽ ഉരുണ്ടുകൂടിയിരുന്നു. അതിലും ഭീകരമായ ഒരു അന്തരീക്ഷമാണ് കഴിഞ്ഞ ആറ് വർഷമായി ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്

**ഹർഷ് മന്ദർ**

12-ാമത് കേരളീയം ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നിർവഹിച്ച് ഓൺലൈൻ ആയി സംസാരിച്ചതിന്റെ സംഗ്രഹം.

**ഇന്ത്യൻ** ജനാധിപത്യം വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഒരു കാലത്തുതന്നെയാണ് മഹാമാരിയും ഇവിടെ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരാവസ്ഥ കാലത്തുള്ളതിനേക്കാൾ ആഴമേറിയ ആപൽസന്ധിയിലാണ് ജനാധിപത്യം ഇന്ന്. അടിയന്തരാവസ്ഥ കാലത്ത് വിദ്യാർത്ഥി ജീവിതം നയിക്കുകയായിരുന്ന ഞാൻ ആന്റി എമർജൻസി പ്രതിഷേധങ്ങളിൽ അന്ന് സജീവമായി പങ്കെടുത്തിരുന്നു. അടിയന്തരാവസ്ഥ എന്നത് ഭയപ്പെടുത്തുന്ന ഏകാധിപത്യ പദ്ധതിയായിരുന്നു. എന്നാൽ ഏകാധിപത്യപരമായിരുന്നു എങ്കിലും അത് ഒരു വർഗീയ പദ്ധതിയായിരുന്നില്ല. അതുപോലെ നവഉദാരവത്കരണത്തിന്റെ ഭാഗമായ ഒരു പദ്ധതിയും ആയിരുന്നില്ല. ഇന്ന് നമ്മൾ അനുഭവിക്കുന്ന അടിയന്താരാവസ്ഥ ആ രൂപത്തിലുള്ള ഒന്നല്ല. ഏകാധിപത്യത്തിന്റെ അതിതീവ്രമായ ഉയർച്ചയും വെറുപ്പിനാൽ നയിക്കപ്പെടുന്ന ദേശീയതാബോധവും ആണ് ഇന്നത്തെ അടിയന്തരാവസ്ഥയുടെ മുഖമുദ്ര. എല്ലാ ഭിന്നാഭിപ്രായങ്ങളോടും അത് അസഹിഷ്ണുത പുലർത്തുന്നു. മാദ്ധ്യമ പ്രവർത്തകർ പോലും വിയോജിപ്പുകളുടെ പേരിൽ വേട്ടയാടപ്പെടുന്നു, നിയമലംഘനം ആരോപിച്ച് ശിക്ഷിക്കപ്പെടുന്നു. ഇതെല്ലാം അടിയന്തരാവസ്ഥ കാലത്തെ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും കേന്ദ്രഭരണം കയ്യാളുന്ന രാഷ്ട്രീയപാർട്ടിയുടെ ആശയസംഹിത തന്നെ ഭിന്നസ്വരങ്ങളോട് അത്യന്തം അസഹിഷ്ണുത പുലർത്തുന്ന ഒന്നാണ് എന്നതാണ് ഇന്ന് പ്രതിസന്ധികൾ കൂടുതൽ രൂക്ഷമാകാൻ കാരണം. ഏകാധിപത്യവും നവഉദാരവത്കരണവും അസഹിഷ്ണുതയും ഉൾച്ചേരുന്ന ഒരു അടിയന്തരാവസ്ഥയാണ് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത്. പ്രതിഷേധ സ്വരങ്ങളെ ഈ സാഹചര്യം വല്ലാതെ ഭയപ്പെടുത്തുകയും തകർത്തുകളയുകയും ചെയ്യുന്നു.

ഒരു മുസ്ലീമായി ജീവിച്ചിരിക്കാനാണ് ഇന്ന് ഇന്ത്യയിൽ ഏറെ ഭയപ്പെടേണ്ടത്. മഹാമാരിയേക്കാൾ ഭീതിജനകമായ സാഹചര്യം മുസ്ലീങ്ങളെ സംബന്ധിച്ച് ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. ബി.ജെ.പി കേന്ദ്ര ഭരണത്തിലിരിക്കുന്ന കഴിഞ്ഞ ആറ് വർഷമായി ആ ഭയം വല്ലാതെ വ്യാപകമായിരിക്കുന്നു. ബാബറി മസ്ജിദ് തകർക്കപ്പെട്ട സമയത്തും അതിനുമുന്നോടിയായി നടന്ന രാമജന്മഭൂമി പ്രസ്ഥാനത്തിന്റെ കാലത്തും സമാനമായ ഒരു ഭീതി ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കുള്ളിൽ ഉരുണ്ടുകൂടിയിരുന്നു. അതിലും ഭീകരമായ ഒരു അന്തരീക്ഷമാണ്

കഴിഞ്ഞ ആറ് വർഷമായി ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

മൂന്ന് വ്യത്യസ്ത പദ്ധതികളിലൂടെയാണ് ഭരണവർഗം ഇന്ത്യൻ മുസ്ലീങ്ങളെ ഭീതിയിലേക്ക് തള്ളിവിട്ടിരിക്കുന്നത്. ഒന്ന്, രാഷ്ട്രീയ പദ്ധതിയാണ്. എന്താണ് ഈ രാഷ്ട്രീയ പദ്ധതി എന്ന് നോക്കാം. രാഷ്ട്രീയമായി ഇന്ത്യൻ മുസ്ലീങ്ങളെ അരികുവത്കരിക്കുക എന്നതാണ് ഈ രാഷ്ട്രീയ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. ഹിന്ദു ഭൂരിപക്ഷ ഭരണമായി കേന്ദ്ര ഭരണസംവിധാനങ്ങളെ അവർ മാറ്റിത്തീർത്തിരിക്കുന്നു. പല നിയോജകമണ്ഡലങ്ങളിലും മുസ്ലീങ്ങൾ നിർണ്ണായകമായ വോട്ടുബാങ്കാണ് എന്നതിനാൽ തന്നെ ഒരു ഹിന്ദു ദേശീയ പാർട്ടിക്ക് ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ ഇന്ത്യയിൽ പ്രയാസമായിരുന്നു. എന്നാൽ ജാതിപരമായ വ്യത്യാസങ്ങൾക്കെല്ലാം അതീതമായി ഹിന്ദു ഏകീകരണം സാധ്യമാക്കിയെടുത്ത് ബി.ജെ.പിയും ആർ.എസ്.എസും ഹിന്ദു ഭൂരിപക്ഷ ഭരണം സാധ്യമാക്കി. മുസ്ലീം വിരുദ്ധമായ ഒരു മനോവികാരം ദേശീയതലത്തിൽ സൃഷ്ടിച്ചെടുത്താണ് അവർ ഇത് സാധ്യമാക്കിയത്. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെയും കേരളത്തിലെയും ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെപ്പോലും അവർക്ക് ഇക്കാര്യത്തിൽ കൂടെ നിർത്താൻ സാധിച്ചു. സാധ്യമായ എല്ലാവരെയും രാഷ്ട്രീയമായി ഇന്ത്യയിലെ മുസ്ലീങ്ങൾക്കെതിരെ ഏകോപിപ്പിച്ചു. മുസ്ലീങ്ങളുടെ രാഷ്ട്രീയ കർതൃത്വത്തെ അപ്രസക്തമാക്കി. സെക്യുലർ എന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പോലും അർഹമായ പ്രാതിനിധ്യം മുസ്ലീങ്ങൾക്ക് നൽകാൻ കഴിഞ്ഞില്ല. അങ്ങനെ ഇന്ത്യൻ മുസ്ലീങ്ങൾ രാഷ്ട്രീയ അനാഥരായിത്തീർന്നു. അതാണ് മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യുന്നതിനായി ബി.ജെ.പിയും ആർ.എസ്.എസും ചേർന്ന് ഇന്ത്യയിൽ നടപ്പിലാക്കിയ രാഷ്ട്രീയ പദ്ധതി.

രണ്ടാമത്തേത് സാമൂഹ്യ പദ്ധതിയാണ്. മുസ്ലീം വിരുദ്ധതയെ പൊതുബോധത്തിലേക്ക് വിളക്കിച്ചേർക്കുക എന്നതായിരുന്നു ആ സാമൂഹ്യ പദ്ധതിയുടെ മുഖ്യലക്ഷ്യം. മുസ്ലീം വിരുദ്ധത മാത്രമല്ല, മുസ്ലീങ്ങൾക്കെതിരായ പല മുൻവിധികളും സാമാന്യബോധത്തിൽ സൃഷ്ടിച്ചെടുക്കാൻ അവർ മനഃപൂർവ്വം ശ്രമിച്ചു. നമുക്ക് തന്നെ അത്തരത്തിലുള്ള എത്രയോ അനുഭവങ്ങളുണ്ടാകാം. നമ്മുടെ പലരുടെയും കുടുംബ വാട്സ്അപ് ഗ്രൂപ്പുകളെല്ലാം നോക്കിയാൽ മുസ്ലീം വിരുദ്ധമായ മുൻവിധികളടങ്ങിയ എത്രയോ സന്ദേശങ്ങൾ അതിൽ കാണാൻ കഴിയും. വെറുപ്പ് ഉണ്ടാക്കിയെക്കുന്ന മാർഗങ്ങളാണ് ഇതെല്ലാം. വെറുപ്പിനെ ന്യായീകരിക്കുന്നതിനുവേണ്ടിയുള്ള യുക്തികൾ ഈവിധം അവർ സൃഷ്ടിച്ചെടുക്കുന്നു. വെറുപ്പ് പ്രചരിപ്പിക്കുന്നവർ ധീരോദാത്തരായ ദേശസ്നേഹികളായി മാറുന്നു. മുസ്ലീങ്ങൾക്കെതിരെ വെറുപ്പും മുൻവിധികളും പ്രചരിപ്പിക്കുക എന്നതാണ് ഇന്ന് ഇന്ത്യയിൽ ഒരു ദേശസ്നേഹിയായി പരിഗണിക്കപ്പെടാനുള്ള പ്രധാന യോഗ്യത. സാമൂഹ്യ പദ്ധതിയിലൂടെ സംഘപരിവാർ സൃഷ്ടിച്ചെടുത്ത ഈ വെറുപ്പിന്റെ മൂർധന്യതയാണ് ആൾക്കൂട്ട കൊലകളായി മാറുന്നത്. രാജ്യമെങ്ങും മുസ്ലീങ്ങളെ തല്ലിക്കൊല്ലുന്ന ആൾക്കൂട്ടങ്ങൾ വ്യാപകമാണല്ലോ. നമ്മുടെ മൗനങ്ങളാണ് ആ ആൾക്കൂട്ട കൊലകൾക്കുള്ള പിൻബലം. വെറുപ്പിനാൽ നമ്മൾ നിശബ്ദരാക്കപ്പെടുകയും മറുവശത്ത് ആൾക്കൂട്ടക്കൊലകൾ വ്യാപകമാവുകയും ചെയ്തു. കാരവൻ ഓഫ് ലൗ (കാരവൻ ഇ-മൊഹബത്ത്) എന്ന പേരിൽ രാജ്യത്തെവിടെയും വെറുപ്പ് കാരണം കൊല്ലപ്പെട്ടവരുടെയും ആൾക്കൂട്ട അക്രമങ്ങളെ അതിജീവിച്ചവരുടെയും കുടുംബങ്ങളെ കാണാനായി ഞങ്ങൾ ഒരു യാത്ര നടത്തുന്നുണ്ട്. മനുഷ്യാവകാശ പ്രവർത്തകരോ, വസ്തുതാന്വേഷണ സംഘമോ, മാദ്ധ്യമ പ്രവർത്തകരോ ആയല്ല, അവരുടെ വേദനകളറിയാൻ ചെന്ന മനുഷ്യരായാണ് ഞങ്ങൾ അവരുടെ വീടുകളിലേക്ക് ചെല്ലുന്നത്. അവർ ഒറ്റയ്ക്കല്ല എന്ന് അവരോട് പറയുന്നു. നീതിക്കായുള്ള പോരാട്ടത്തിൽ ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ടെന്ന് പറയുന്നു. ജീവിതം തിരികെ പിടിക്കാനുള്ള ശ്രമങ്ങളിൽ ഞങ്ങളും കൂടെയുണ്ടെന്ന് ആശ്വസിപ്പിക്കുന്നു. മൂന്ന് വർഷമായി തുടരുന്ന ഈ യാത്ര ലോക്ഡൗൺ പ്രഖ്യാപിക്കുന്നവരെ ഞങ്ങൾ തുടർന്നിരുന്നു. 14 സംസ്ഥാനങ്ങളിലായി 30 സ്ഥലങ്ങൾ സന്ദർശിച്ചു. ഞങ്ങൾ കണ്ട പല കുടുംബങ്ങളും ഇപ്പോഴും മുസ്ലീംങ്ങൾക്കെതിരായി രൂപപ്പെട്ട വെറുപ്പിന്റെ പേരിൽ ഉപദ്രവിക്കപ്പെടുന്നുണ്ട്. ആ വെറുപ്പാണ് ഞാൻ രണ്ടാമത് സൂചിപ്പിച്ച സാമൂഹ്യ പദ്ധതിയുടെ വിജയം. ഭരണസ്ഥാപനങ്ങളിലേക്ക് പോലും ആ വെറുപ്പ് വ്യാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ആൾക്കൂട്ട അക്രമങ്ങൾക്ക് കാരണക്കാരായവർ അറസ്റ്റ് ചെയ്യപ്പെടാത്തതും കൊല്ലപ്പെട്ടവർക്കെതിരെ പോലും കേസുകളുണ്ടാകുന്നതും. ആ രീതിയിൽ അവരെ സംബന്ധിച്ച് വളരെയധികം വിജയിച്ച പദ്ധതിയാണ് ഈ സാമൂഹിക പദ്ധതി.

മൂന്നാമത്തെ പദ്ധതി ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിന് ശേഷമാണ് രൂപം കൊള്ളുന്നത്. ഭരണഘടനാപരവും നിയമപരവുമായ പൊളിച്ചെഴുത്തുകളാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹിന്ദു ദേശീയതയെ സ്ഥാപിക്കുക എന്നതു മാത്രമല്ല, ഭരണഘടനയേയും

*⇨ സാമൂഹ്യനീതി പ്രദാനം ചെയ്യുന്ന ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പം പോയ്മറഞ്ഞു ⇨*

നിമയസംവിധാനത്തെയും ആ രീതിയിൽ മാറ്റിത്തീർക്കുക എന്നതു കൂടിയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആരംഭത്തോടെ വളരെ വേഗത്തിലുള്ള ചില മാറ്റങ്ങളുണ്ടായി. കശ്മീരിന്റെ സ്വയംഭരണാവകാശം എടുത്തുകളയപ്പെട്ടതും അയോദ്ധ്യാ കേസിലെ സുപ്രീംകോടതിയുടെ അന്തിമവിധിയും പൗരത്വഭേദഗതി നിയമവും ദേശീയ പൗരത്വ പട്ടികയും എല്ലാം ഈ പദ്ധതിയുടെ പ്രതിഫലനങ്ങളാണ്. ആ പദ്ധതിയാണ് ഇപ്പോൾ ഇന്ത്യയിൽ ഏറ്റവും മാരകമായരീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ മുസ്ലീമിനെ സംബന്ധിച്ച് ജനാധിപത്യത്തോട് മതിപ്പുണ്ടാകുക എന്നത് ഇന്ന് പ്രയാസകരമായിത്തീർന്നിരിക്കുന്നു. ദരിദ്രരായ കുടിയേറ്റ തൊഴിലാളികൾക്കും കർഷകർക്കും ചങ്ങാത്ത മുതലാളിത്ത, നവഉദാര ഇന്ത്യയിൽ ജീവിതം അസാധ്യമായിരിക്കുന്നു. സാമൂഹ്യനീതി പ്രദാനം ചെയ്യുന്ന ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പം പോയ്മറഞ്ഞു. പ്രത്യയശാസ്ത്രപരമായിത്തന്നെ ഇന്ത്യൻ സ്റ്റേറ്റ് ഇപ്പോൾ നവലിബറൽ ആണ്. ഏറെക്കാലമായി അങ്ങനെയാണെങ്കിൽപ്പോലും ജനകീയ പ്രക്ഷോഭങ്ങളുടെ ഫലമായി വിവരാവകാശനിയമവും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും ഭക്ഷ്യസുരക്ഷാ നിയമവും വിദ്യാഭ്യാസ അവകാശ നിയമവും എല്ലാം സാധ്യമാകുന്ന ഒരു കാലം ബി.ജെ.പി അധികാരത്തിൽ വരുന്നതിന് മുമ്പ് ഇവിടെ നിലനിന്നിരുന്നു. ആ സാഹചര്യമാണ് ചങ്ങാത്ത മുതലാളിത്തത്തിന്റെ ശക്തിപ്പെടലോടെ ഛിന്നഭിന്നമായിപ്പോയത്. തൊഴിലില്ലായ്മ വളരെയധികം വർദ്ധിച്ചു. വിസമ്മതങ്ങളും വിയോജിപ്പുകളും വലിയരൂപത്തിൽ ഉയർന്നുവരേണ്ട കാലമാണ് മുന്നിലുള്ളത്. ജനാധിപത്യസ്ഥാപനങ്ങളുടെ മൂല്യശോഷണവും എക്സിക്യൂട്ടീവിന്റെ ഹിംസാത്മകതയും കൂടിക്കൊണ്ടിരിക്കുന്നു. മോദി എന്ന ഏകാധിപതിക്ക് കീഴിൽ പാർലമെന്റും ക്യാബിനറ്റും പോലും അർത്ഥശൂന്യമായിരിക്കുന്നു. ഫെഡറലിസവും ജുഡീഷ്യറിയും വരെ തകർച്ചയിലാണ്. പ്രതിപക്ഷ പാർട്ടികൾക്ക് പോലും ഭരണഘടനയോടുള്ള രാഷ്ട്രീയവും ധാർമ്മികവുമായ കൂറ് കുറഞ്ഞിരിക്കുന്നു. ക്യാബിനറ്റുമായി പോലും ചർച്ച ചെയ്യാതെയാണ് ഡീമോണിറ്റൈസേഷനും ലോക്ഡൗണുമെല്ലാം മോദി പ്രഖ്യാപിക്കുന്നത്. ഉറപ്പായും സംസ്ഥാന മുഖ്യമന്ത്രിമാരുമായി ചർച്ച ചെയ്ത ശേഷം മാത്രമേ രാജ്യം സമ്പൂർണ്ണ ലോക്ഡൗണിലേക്ക് പോകാൻ പാടുണ്ടായിരുന്നുള്ളൂ. അത്തരം മര്യാദകളെല്ലാം തുടർച്ചയായി ലംഘിക്കപ്പെടുകയാണ്.

ജുഡീഷ്യറിയുടെ അവസ്ഥയാണ് വളരെ പരിതാപകരം. ജനാധിപത്യത്തിന്റെ കാവൽക്കാരാകാനോ, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനോ ജൂഡീഷ്യറിക്ക് കഴിയാതെയായിട്ട് നാളുകളായി. ജനാധിപത്യം എന്നത് ഭൂരിപക്ഷത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചുള്ള ഭരണമാകാതെ മാറാതിരിക്കാൻ ജുഡീഷ്യറിക്ക് വലിയ പങ്കു വഹിക്കാനുണ്ടായിരുന്നു. പക്ഷെ അക്കാര്യത്തിൽ ഇന്ത്യൻ ജുഡീഷ്യറി തുടർച്ചയായി പരാജയപ്പെടുന്ന കാഴ്ചയാണ് കഴിഞ്ഞ കുറച്ചുനാളുകളായി കണ്ടുവരുന്നത്. കശ്മീർ പ്രശ്നത്തിൽ ഇടപെടണം എന്ന് ആവശ്യപ്പെട്ട ഹർജി തള്ളിക്കളഞ്ഞതും ദില്ലിയിലെ വർഗ്ഗീയ കലാപത്തിൽ ഇടപെടാതിരുന്നതും കുടിയേറ്റ തൊഴിലാളികളുടെ പലായനത്തിൽ നടപടികളൊന്നും സ്വീകരിക്കാൻ കഴിയാതിരുന്നതും ജുഡീഷ്യറിയുടെ പരാജയം തന്നെയാണ്. അയോദ്ധ്യ കേസിലുണ്ടായ വിധിയാണ് ഏറ്റവും നിരാശാജനകം. ഭരണഘടനാപരമായ മൂല്യങ്ങൾ പോലും ആ വിധിയിലൂടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ മുഖ്യധാരാ മാദ്ധ്യമങ്ങളുടെ സ്ഥിതിയും സമാനമാണ്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നാവായി മാദ്ധ്യമങ്ങൾ മാറിയിരിക്കുന്നു. സിവിൽ സമൂഹത്തിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന പല വിമതശബ്ദങ്ങളെയും മാദ്ധ്യമങ്ങൾ കേൾക്കുന്നതേയില്ല. ഇതിനിടയിലും ഇന്ത്യയിലുണ്ടായ ഏറ്റവും പ്രതീക്ഷയുളവാക്കിയ മുന്നേറ്റമായിരുന്നു പൗരത്വ ഭേദഗതി ബില്ലിനെതിരായ പ്രക്ഷോഭം. മഹാമാരി വന്നതോടെ അത് ഒരോർമ്മ മാത്രമായി മാറി. സ്വാതന്ത്ര്യസമരത്തിന് ശേഷം രാജ്യത്തുണ്ടായ ഏറ്റവും വലിയ സമരമായിരുന്നു അത്. വളരെ സമാധാനപരമായ രൂപത്തിൽ ജനങ്ങൾ സംഘടിപ്പിക്കപ്പെടുകയും സമരത്തിന്റെ ഐകണായി ഇന്ത്യൻ ഭരണഘടന വരുകയും ചെയ്തു എന്നത് സമകാലിക സാഹചര്യത്തിൽ വളരെ പ്രസക്തമായ കാര്യമായിരുന്നു. ഒരു കൈയിൽ ഗാന്ധിയെയും മറുകൈയിൽ അംബേദ്കറെയുമാണ് തെരുവിലേക്കിറങ്ങിയ ജനങ്ങൾ മുറുകെപ്പിടിച്ചിരുന്നത് എന്നതാണ് ഇനിയും അവശേഷിക്കുന്ന പ്രതീക്ഷ. ■

### പരിസ്ഥിതി മാദ്ധ്യമ ഫെലോഷിപ്പ് ദിവിൻ മുരുകേഷിന്

12-ാമത് കേരളീയം ബിജു. എസ് ബാലൻ അനുസ്മരണ പരിസ്ഥിതി മാദ്ധ്യമ ഫെലോഷിപ്പ് ദിവിൻ മുരുകേഷിന്. ആവാസവ്യവസ്ഥകളുടെ തകർച്ചയും ആരോഗ്യഭീഷണികളും കേരളത്തിൽ: ഒരു അന്വേഷണം എന്ന പഠനത്തിനാണ് 10,012 രൂപയുടെ ഫെലോഷിപ്പ് നൽകുന്നത്.